2173
6/2/21

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - പൈതൃക പഠനകേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(കൈ)നം.4/2021/സാം.കാ.വ** **തീയതി, തിരുവനന്തപുരം, 05/02/2021**

പരാമർശം:- 1. 20.01.2016-ലെ സ.ഉ (പി)നം.7/2016/ധന

2. പൈതൃക പഠന കേന്ദ്രം രജിസ്ട്രാറുടെ 23/09/2018 ലെ സി.എച്ച്.എസ്/59/2016/ഇ.1 നമ്പർ കത്ത് .

**ഉത്തരവ്**

പരാമർശം 1 -ലെ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് 10 -ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനെ തുടർന്ന് പൈതൃക പഠനകേന്ദ്രത്തിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തുന്നതിനായി ഗവേണിംഗ് ബോഡി ശുപാർശ ചെയ്തതായും ആയതിനാൽ പഠനകേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് 10 - ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും പരാമർശ കത്ത് പ്രകാരം പൈതൃക പഠന കേന്ദ്രം രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൈതൃക പഠന കേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 20.01.2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം . | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ഹോർട്ടികൾച്ചറിസ്റ്റ് | 1 | 11620-20240 | 22200-48000 |
| 2 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 3 | മെക്കാനിക്ക് | 1 | 9190-15780 | 18000-41500 |
| 4 | ടിക്കറ്റ് അറ്റന്റർ | 1 | 8960-14260 | 17500-39500 |
| 5 | ഗാർഡനർ | 2 | 8730-13540 | 17000-37500 |
| 6 | ഓഫീസ് അറ്റന്റന്റ് | 1 | 8500-13210 | 16500-35700 |

(1) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റ അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

(2) ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് പൈതൃക പഠന കേന്ദ്രത്തിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.

(3) വീട്ടു വാടക ബത്ത 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (14) ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

(4) സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (16) ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

(5) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ Annexure III-ലെ ഖണ്ഡിക (19) ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകളുടെ പ്രാബല്യ തീയതി 01.02.2016 ആണ്.

(6) റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർനാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

(7) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ)സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

(8) മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

(9) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി,കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

(10) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(11) കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

(12) യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

(13) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല .

(14) ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത പൈതൃക പഠന കേന്ദ്രത്തിന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല. ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തികം വിലയിരുത്തി ഗവേണിംഗ് ബോഡിക്ക് തീരുമാനമെടുക്കാവുന്നതാണ്.

(15) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് പൈതൃക പഠന കേന്ദ്രം രജിസ്ട്രാർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(16) പൈതൃക പഠന കേന്ദ്രത്തിലെ ഗാർഡനർക്ക് നൽകി വന്നിരുന്ന യൂണിഫോം അലവൻസും ക്യാഷ് കൈകാര്യം ചെയ്യുന്ന ക്ലാർക്ക് ടൈപ്പിസ്റ്റിന് നൽകി വന്നിരുന്ന സ്പെഷ്യൽ അലവൻസും ഉടനടി നിർത്തലാക്കുവാനും, സർക്കാർ അനുമതിയില്ലാതെ നൽകി വന്നിരുന്ന ഇത്തരം ആനുകൂല്യങ്ങൾ തിരിച്ച് പിടിക്കുവാനുമുള്ള നടപടികൾ രജിസ്ട്രാർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

രജിസ്ട്രാർ, പൈതൃക പഠന കേന്ദ്രം, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക/വെബ് & ന്യൂ മീഡിയാ വകുപ്പ്
ധനകാര്യ വകുപ്പ് (Edn C3/238/2018/Fin)
പൊതു ഭരണ (എസ് സി) വകുപ്പ് (24/12/2020 ലെ ഇനം നമ്പർ 4436 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2020

ഫയൽ നം. 123/എ3/2020/സാം.കാ.വ. ഇനം നം: 4436

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - പൈതൃക പഠന കേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

24/12/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

28/12

**GOVERNMENT OF KERALA**
**(SHRI PINARAYI VIJAYAN MINISTRY)**
(Note for the Council of Ministers)

| | | |
|---|---|---|
| 1. | File Number | 123/A3/2020/CAD |
| 2. | Department | Cultural Affairs (A) Department |
| 3. | Subject | Sanctioning of 10th Pay Revision to the employees of Centre for Heritage Studies working against the Government sanctioned posts |
| 4. | Date of Chief Minister's Orders for placing before the Council | 06/11/2020 |
| 5. | (i) Does the case involved financial commitments/implications? | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7. | Name of Additional Secretary who submitted the Draft Note | Sri.Ajith K.Joseph |
| 8. | Name of Secretary who approved the Draft Note | Smt.Rani George |
| 9. | Date of approval of the Draft Note for the Council by the Secretary | 07/12/2020 |
| 10. | Name of Chief Secretary who approved the Draft Note. | Dr.Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 15.12.2020 |
| 12. | Name of Minister who approved the Draft Note | Smt.A.K.Balan |
| 13. | Date of approval of the draft Note for the Council by the Minister | 18/12/2020 |
| 14. | Date of submission of fair copies | 23/12/2020 |
| 15. | Date of decision by the Council of Ministers | 24/12/2020 |
| 16. | Number and date of the G.O/letter communicating the decision. | GO(MS)No.04/2021/CLAD dated 05/02/2021 |

# NOTE FOR COUNCIL OF MINISTERS

This note is on implementation of the 10th Pay Revision for the employees working against Government sanctioned posts in the Centre for Heritage Studies, under Cultural Affairs Department.

2. The State Government had implemented the 10th Pay Revision to its employees vide GO(P) No.07/2016/Fin dated 20.01.2016. Accordingly the Governing Body of the Centre for Heritage Studies in its Meeting held on 08/11/2017, had decided to recommend to Government to implement 10th Pay Revision to its employees. The Registrar, Centre for Heritage Studies has requested Government to give permission to implement 10th Pay Revision to the employees in the Centre. The Registrar has informed that an amount of Rs.3,12,708/ is required annually to meet the additional expenditure, consequent to the implementation of pay revision to the permanent employees of the Centre for Heritage Studies and that the pay and allowances are met from the own funds of the institution. The Director, Archaeology Department has also recommended to implement the pay revision to the employees of the Centre for Heritage Studies.

3. When the file was forwarded to Finance Department, the Department has remarked as follows:

"പൈതൃക പഠന കേന്ദ്രത്തിലെ സ്ഥിരം ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെപ്പറയും പ്രകാരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഗാർഡനർ തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് യൂണിഫോം അലവൻസും ക്യാഷ് കൈകാര്യം ചെയ്യുന്ന ക്ലാർക്ക് ടൈപ്പിസ്റ്റിന് സ്പെഷ്യൽ അലവൻസും നൽകി വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത അലവൻസുകൾ അനുവദിക്കുന്നതു സംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ ലഭിച്ചിട്ടില്ലെന്നും ടി ജീവനക്കാരുടെ നിയമന ഉത്തരവ് പ്രകാരം പെൻഷൻ ഒഴികെയുള്ള മറ്റെല്ലാ സർവീസ് കാര്യങ്ങളും KSR പ്രകാരമായതിനാലാണ് ടി ആനുകൂല്യങ്ങൾ അനുവദിച്ചതെന്നുമാണ് രജിസ്ട്രാർ അറിയിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണെന്ന് ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, 21.06.2017-ലെ G.O(P)No.82/2017/Fin പ്രകാരം ക്യാഷ് കൈകാര്യം ചെയ്യുന്നവർക്ക് അനുവദിച്ചിരുന്ന സ്പെഷ്യൽ അലവൻസ് 01/04/2017 മുതൽ നിർത്തലാക്കി ഉത്തരവായിട്ടുമുണ്ട്. ആയതിനാൽ സർക്കാർ അനുമതിയില്ലാതെ നൽകി വന്നിരുന്ന അലവൻസുകൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

കൂടാതെ, പൈതൃക പഠന കേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 20.01.2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിനും ധന വകുപ്പ് അനുമതി നല്കുന്നു.

| ക്രമ നം . | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച സ്കെയിൽ | ശമ്പള |
|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഹോർട്ടികൾച്ചറിസ്റ്റ് | 1 | 11620-20240 | 22200-48000 |
| 2 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 3 | മെക്കാനിക്ക് | 1 | 9190-15780 | 18000-41500 |
| 4 | ടിക്കറ്റ് അറ്റന്റർ | 1 | 8960-14260 | 17500-39500 |
| 5 | ഗാർഡനർ | 2 | 8730-13540 | 17000-37500 |
| 6 | ഓഫീസ് അറ്റന്റന്റ് | 1 | 8500-13210 | 16500-35700 |

(1) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റ് അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

(2) ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് പൈതൃക പഠന കേന്ദ്രത്തിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.

(3) വീട്ടു വാടക ബത്ത 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (14) ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

(4) സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (16) ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

(5) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ Annexure III-ലെ ഖണ്ഡിക (19) ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകളുടെ പ്രാബല്യ തീയതി 01.02.2016 ആണ്.

(6) റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർനാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

(7) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ(ശമ്പളം,അലവൻസുകൾ,ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ)സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

(8) മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

(9) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി,കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

(10) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(11) കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന

വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

(12) യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

(13) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല .

(14) ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത പൈതൃക പഠന കേന്ദ്രത്തിന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല. ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തികം വിലയിരുത്തി ഗവേണിംഗ് ബോഡിക്ക് തീരുമാനമെടുക്കാവുന്നതാണ്.

(15) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് പൈതൃക പഠന കേന്ദ്രം രജിസ്ട്രാർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(16) ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ബഹു.മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

4) As directed by Finance Department, the Registrar, Centre for Heritage Studies may be directed to withdraw the benefit of uniform allowance accorded to Gardener and the Special Cash allowance accorded to Clerk Typist and to recover the allowances given without Government sanction.

5) The Hon. Chief Minister has ordered to place the proposal regarding 10th Pay Revision of the employees of the Centre for Heritage Studies before the Council of Ministers.

## Points for Decision

Whether, 10th Pay Revision may be sanctioned to the employees in the Centre for Heritage Studies working against the Government sanctioned posts, subject to the conditions stipulated by Finance Department, as explained in the note?

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 123/എ 3/2020/സാം.കാ.വ. |
| 2. | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3. | വിഷയം | പൈതൃക പഠന കേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06/11/2020 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ.അജിത്ത് കെ.ജോസഫ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 07/12/2020 |
| 10. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ..വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/12/2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ബാലൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18/12/2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23/12/2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 24/12/2020 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | സ.ഉ(എം എസ്) 04/2021/സാം.കാ.വ തീയതി 05/02/2021 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സാംസ്കാരിക കാര്യ വകുപ്പിന് കീഴിലെ പൈതൃക പഠന കേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ സ്ഥിരം ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണം 20.01.2016 ലെ സ.ഉ(പി) നം.07/2016/ധന നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരുന്നു. അതനുസരിച്ച് പൈതൃക പഠന കേന്ദ്രത്തിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്ന വിഷയം 08.11.2017-ൽ ചേർന്ന ഗവേണിംഗ് ബോഡി യോഗം ചർച്ച ചെയ്യുകയും സർക്കാർ അംഗീകാരത്തിന് വിധേയമായി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതായും, ആയതിനാൽ പഠന കേന്ദ്രത്തിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകണമെന്നും രജിസ്ട്രാർ അഭ്യർത്ഥിച്ചിരുന്നു. പൈതൃക പഠന കേന്ദ്രത്തിലെ സ്ഥിരജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതു വഴി ഒരു വർഷം 3,12,708/- രൂപ അധികമായി ആവശ്യമായി വരുമെന്നും ശമ്പളാനുകൂല്യങ്ങൾ നൽകുന്നത് തനത് വരുമാനത്തിൽ നിന്നാണെന്നും രജിസ്ട്രാർ അറിയിച്ചിരുന്നു. പൈതൃകപഠന കേന്ദ്രം ജീവനക്കാരുടെ അർഹമായ ശമ്പളാനുകല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

3. ശമ്പളപരിഷ്കരണം സംബന്ധിച്ച വിഷയത്തിന്മേലുള്ള അഭിപ്രായത്തിനായി ധനകാര്യ വകുപ്പിൽ ഫയൽ അയച്ചപ്പോൾ വകുപ്പ് താഴെ പറയും പ്രകാരം രേഖപ്പെടുത്തുകയുണ്ടായി.

"പൈതൃക പഠന കേന്ദ്രത്തിലെ സ്ഥിരം ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെപ്പറയും പ്രകാരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഗാർഡനർ തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് യൂണിഫോം അലവൻസും ക്യാഷ് കൈകാര്യം ചെയ്യുന്ന ക്ലാർക്ക് ടൈപ്പിസ്റ്റിന് സ്പെഷ്യൽ അലവൻസും നൽകി വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത അലവൻസുകൾ അനുവദിക്കുന്നതു സംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ ലഭിച്ചിട്ടില്ലെന്നും ടി ജീവനക്കാരുടെ നിയമന ഉത്തരവ് പ്രകാരം പെൻഷൻ

ഒഴികെയുള്ള മറ്റെല്ലാ സർവീസ് കാര്യങ്ങളും KSR പ്രകാരമായതിനാലാണ് ടി ആനുകൂല്യങ്ങൾ അനുവദിച്ചതെന്നുമാണ് രജിസ്ട്രാർ അറിയിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണെന്ന് ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, 21.06.2017-ലെ G.O(P)No.82/2017/Fin പ്രകാരം ക്യാഷ് കൈകാര്യം ചെയ്യുന്നവർക്ക് അനുവദിച്ചിരുന്ന സ്പെഷ്യൽ അലവൻസ് 01/04/2017 മുതൽ നിർത്തലാക്കി ഉത്തരവായിട്ടുമുണ്ട്. ആയതിനാൽ സർക്കാർ അനുമതിയില്ലാതെ നൽകി വന്നിരുന്ന അലവൻസുകൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

കൂടാതെ, പൈതൃക പഠന കേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 20.01.2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിനും ധന വകുപ്പ് അനുമതി നല്കുന്നു.

| ക്രമ നം . | തസ്തിക | എണ്ണം | നിലവിലുള്ള സ്കെയിൽ | ശമ്പള പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ഹോർട്ടികൾച്ചറിസ്റ്റ് | 1 | 11620-20240 | 22200-48000 |
| 2 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 3 | മെക്കാനിക്ക് | 1 | 9190-15780 | 18000-41500 |
| 4 | ടിക്കറ്റ് അറ്റന്റർ | 1 | 8960-14260 | 17500-39500 |
| 5 | ഗാർഡനർ | 2 | 8730-13540 | 17000-37500 |

| | | | | |
|---|---|---|---|---|
| 6 | ഓഫീസ് അറ്റന്റന്റ് | 1 | 8500-13210 | 16500-35700 |

(1) മേൽ ശമ്പള പരിഷ്കരണം 01.07.2014 മുതലും പരിഷ്കരിച്ച മറ്റു അലവൻസുകൾ 01.02.2016 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

(2) ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് പൈതൃക പഠന കേന്ദ്രത്തിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.

(3) വീട്ടു വാടക ബത്ത 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (14) ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

(4) സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക (16) ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

(5) സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016-ലെ സ.ഉ(പി)നം.07/2016/ധന നമ്പർ ഉത്തരവിന്റെ Annexure III-ലെ ഖണ്ഡിക (19) ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയ ബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകളുടെ പ്രാബല്യ തീയതി 01.02.2016 ആണ്.

(6) റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർനാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

(7) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ(ശമ്പളം,അലവൻസുകൾ,ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ)സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

(8) മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

(9) സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി,കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

(10) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

(11) കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

(12) യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

(13) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ പൈതൃക പഠന കേന്ദ്രത്തിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല .

(14) ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത പൈതൃക പഠന കേന്ദ്രത്തിന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല. ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തികം വിലയിരുത്തി ഗവേണിംഗ് ബോഡിക്ക് തീരുമാനമെടുക്കാവുന്നതാണ്.

(15) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് പൈതൃക പഠന കേന്ദ്രം രജിസ്ട്രാർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(16) ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ബഹു.മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്. "

4. ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരം പൈതൃക പഠന കേന്ദ്രത്തിലെ ഗാർഡനർക്ക് നൽകി വന്നിരുന്ന യൂണിഫോം അലവൻസും ക്യാഷ് കൈകാര്യം ചെയ്യുന്ന ക്ലാർക്ക് ടൈപ്പിസ്റ്റിന് നൽകി വന്നിരുന്ന സ്പെഷ്യൽ അലവൻസും ഉടനടി നിർത്തലാക്കുവാനും, സർക്കാർ അനുമതിയില്ലാതെ നൽകി വന്നിരുന്ന ഇത്തരം ആനുകൂല്യങ്ങൾ തിരിച്ചു പിടിക്കുവാനും രജിസ്ട്രാർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

5. പൈതൃക പഠന കേന്ദ്രം ജീവനക്കാരുടെ 10-ാം ശമ്പള പരിഷ്കരണ ശുപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

പൈതൃക പഠന കേന്ദ്രത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക്, പത്താം ശമ്പള പരിഷ്കരണം, കുറിപ്പിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണോ?